"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ് - അന്തർസംസ്ഥാന നദീജല സെൽ - നിലവിലുള്ള അന്തർസംസ്ഥാന ജല ഉപദേശക സമിതിയുടെ സ്ഥാനത്ത് ഒരു ത്രിതല സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (അന്തർ സംസ്ഥാന നദീജല സെൽ)വകുപ്പ്

സ.ഉ.(കൈ) നം.37/2021/ജ.വി.വ തീയതി,തിരുവനന്തപുരം, 11/11/2021

പരാമർശം:- 1. 09/06/2017 തീയതിയിലെ സ.ഉ(സാ.ധാ)നം. 501/2017/ജ.വി.വ .

ഉത്തരവ്

അയൽസംസ്ഥാനങ്ങളുമായുള്ള എല്ലാ അന്തർസംസ്ഥാന നദീജല തർക്കങ്ങളും പരിഹരിക്കുന്നതിനായി പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു അന്തർ സംസ്ഥാന നദീജല ഉപദേശക സമിതി രൂപീകരിച്ചിരുന്നു. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ അന്തർ സംസ്ഥാന ജലവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, അപര്യാപ്തവും, അപൂർണ്ണവുമായ വിവരങ്ങളെ ആശ്രയിച്ചു കൊണ്ടും, അന്തർസംസ്ഥാന നദീ ജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ/പ്രശ്നങ്ങൾ വേർതിരിച്ചറിയാൻ കഴിയാത്തതും, നിലവിലുള്ള കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

2) അന്തർ സംസ്ഥാന ജലവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് കാലഘട്ടത്തിന്റെ ആവശ്യമായതിനാലും, ആയത് കേന്ദ്ര സർക്കാർ/സുപ്രീം കോടതിയുടെ ശ്രദ്ധ സദാ ആകർഷിക്കുന്നതിനാലും, ടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കഴിവുള്ളതും വൈവിധ്യവുമാർന്നതുമായ ഒരു ത്രിതല സമിതി രൂപീകരിക്കുന്നതിനുള്ള ആശയം ഉടലെടുക്കുകയുണ്ടായി.

3) മേൽ സാഹചര്യത്തിൽ, പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച, നിലവിലുള്ള അന്തർസംസ്ഥാന ജല ഉപദേശക സമിതി (Inter State Water Advisory Committee)ക്ക് പകരം അന്തർസംസ്ഥാന നദീജല തർക്കങ്ങളിന്മേൽ വേഗത്തിലും കൃത്യമായും തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് സർക്കാരിനാവശ്യമായ അഭിപ്രായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി, ചുവടെ പറയും പ്രകാരമുള്ള അംഗങ്ങളോടു കൂടിയും, നിർവ്വചിക്കപ്പെട്ട പ്രവർത്തനങ്ങളോടെയും, ചുമതലകൾ നിശ്ചയിച്ചുകൊണ്ടും, അന്തർസംസ്ഥാന നദീജല സമിതി-സ്റ്റാറ്റജിക് കൗൺസിൽ, അന്തർ സംസ്ഥാന നദീജല-മോണിറ്ററിംഗ് കമ്മിറ്റി, അന്തർ സംസ്ഥാന നദീജല - നിയമ സാങ്കേതിക സെൽ എന്നീ ത്രിതല കർമ്മ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) അന്തർ സംസ്ഥാന നദീജല-സ്റ്റാറ്റജിക് കൗൺസിൽ

(i) അംഗങ്ങൾ

1) മുഖ്യമന്ത്രി - ചെയർമാൻ
2) ജലവിഭവ വകുപ്പ് മന്ത്രി - വൈസ് ചെയർമാൻ
3) വനം വകുപ്പ് മന്ത്രി - മെമ്പർ
4) ഊർജ്ജ വകുപ്പ് മന്ത്രി - മെമ്പർ
5) നിർദ്ദിഷ്ടപദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട 4 എം.എൽ.എമാരും 2 എം.പി മാരും - മെമ്പർമാർ
6) ചീഫ് സെക്രട്ടറി - മെമ്പർ
7) ജലവിഭവ വകുപ്പ് സെക്രട്ടറി - മെമ്പർ & കൺവീനർ

(ii) ചുമതലകൾ

1. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ കേരളത്തിന്റെ പൊതു താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുക;
2. അന്തർസംസ്ഥാന നദീജല വിഷയങ്ങളിൽ സുപ്രീംകോടതിയിൽ അല്ലെങ്കിൽ അന്തർ സംസ്ഥാന നദീജല ട്രിബ്യൂണലിൽ വരുന്ന എല്ലാ കേസുകളും ഫലപ്രദമായ രീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;
3. പുതിയ കരാറുകൾ ഉണ്ടാക്കേണ്ടതുണ്ടെങ്കിൽ ആയതു സംബന്ധിച്ച പഠനങ്ങൾ ഏകോപിപ്പിച്ച് തീരുമാനങ്ങൾ എടുക്കുക;
4. ഓരോ നദീജല കരാറിന്റെയും പെർഫോർമൻസ് ഓഡിറ്റ് നടത്തുകയും അവ വിലയിരുത്തുകയും ചെയ്യുക;
5. നദീജല ബോർഡ് യോഗങ്ങളുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ മേൽനോട്ടം വഹിക്കുക;
6. അന്തർ സംസ്ഥാന നദികളുടെ co-basin states ഉന്നയിക്കുന്ന വിഷയങ്ങളിന്മേൽ തീരുമാനങ്ങൾ എടുക്കുക;
7. അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ ഉൾപ്പെടുന്ന പുതിയ പദ്ധതികളുടെ നിർമ്മാണവും പ്രവർത്തനവും സൂക്ഷ്മമായി നിരീക്ഷിച്ച് നിർദ്ദേശങ്ങൾ നൽകുക.

II) അന്തർ സംസ്ഥാന നദീജല-മോണിറ്ററിംഗ് കമ്മിറ്റി

(i) അംഗങ്ങൾ

1) ചീഫ് സെക്രട്ടറി - ചെയർമാൻ
2) സെക്രട്ടറി, ജലവിഭവ വകുപ്പ് - മെമ്പർ & കൺവീനർ
3) സെക്രട്ടറി, ഊർജ്ജവകുപ്പ് - മെമ്പർ
4) സെക്രട്ടറി, റവന്യൂ വകുപ്പ് - മെമ്പർ

| | | |
|---|---|---|
| 5) | സെക്രട്ടറി, വനം വകുപ്പ് | - മെമ്പർ |
| 6) | ചെയർമാൻ, കെ.എസ്.ഇ.ബി | - മെമ്പർ |
| 7) | സെക്രട്ടറി, കൃഷി വകുപ്പ് | - മെമ്പർ |
| 8) | സെക്രട്ടറി,നിയമവകുപ്പ് | - മെമ്പർ |
| 9) | ചീഫ് എഞ്ചിനീയർ, അന്തർ സംസ്ഥാന നദീ ജലം | - മെമ്പർ |

(ii) ചുമതലകൾ

1. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ നയപരമായ തീരുമാനങ്ങൾ രൂപീകരിക്കുന്നതിനായി സംസ്ഥാനതല കമ്മിറ്റിയെ സഹായിക്കുക;
2. നദീജലകരാർ ലംഘനങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയവ സംസ്ഥാന തലകമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരിക;
3. നിലവിലെ കരാർ വ്യവസ്ഥകൾ പുതുക്കുന്നതിനോ പുതിയ വ്യവസ്ഥകൾ കൂട്ടിചേർക്കുന്നതിനോ ആവശ്യമായ വിവരങ്ങളും ഉപദേശങ്ങളും സംസ്ഥാനതല സമിതിയ്ക്ക് നൽകുക;
4. അന്തർ സംസ്ഥാന നദീജല ബോർഡുകളിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക;
5. അന്തർ സംസ്ഥാന നദീജല ബോർഡ് യോഗങ്ങളുടെ അജണ്ട പരിശോധിച്ച് അവയ്ക്ക് അന്തിമ രൂപം നൽകുക;
6. നദീജല ബോർഡ് യോഗങ്ങളുടെ തീരുമാനങ്ങൾ അവലോകനം ചെയ്ത്, അവ സംസ്ഥാനതല കമ്മിറ്റിയുടെ ശ്രദ്ധയിൽകൊണ്ടുവരിക;
7. അന്തർ സംസ്ഥാന നദികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത്, ആയതിൽ ഇടപെടലുകൾ ആവശ്യമാണെങ്കിൽ സംസ്ഥാനതല കമ്മിറ്റിയെ അറിയിക്കുക;
8. അന്തർ സംസ്ഥാന നദികളിലെ പാരിസ്ഥിതിക ഒഴുക്ക്(Environmental Flow) നിർണ്ണയിക്കുകയും ആയത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക;
9. അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ ഉൾപ്പെടുന്ന പുതിയ പദ്ധതികളുടെ നിർമ്മാണവും നടത്തിപ്പും സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ സംസ്ഥാനകമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരുക;
10. എല്ലാ നദീജലകരാറുകളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക;
11. കരാർ ലംഘനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ആയതിന്മേൽ അടിയന്തിരമായി നിയമ - സാങ്കേതിക പരിഹാരങ്ങൾ കണ്ടെത്തുക;
12. നദീജലകരാറുകൾ സമയബന്ധിതമായി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

13. അന്തർ സംസ്ഥാന നദികളിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കുക;

14. അന്തർ സംസ്ഥാന നദീജലം സംബന്ധിച്ചുള്ള സാങ്കേതികമോ നയപരമോ ആയ വിഷയങ്ങളിൽ ആവശ്യമായ കൂടിയാലോചന നടത്തി സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള എല്ലാവിധ നടപടികളും ഉറപ്പാക്കുക.

III അന്തർ സംസ്ഥാന നദീജല-നിയമ സാങ്കേതിക സെൽ

(i) അംഗങ്ങൾ

1. അന്തർ സംസ്ഥാന നദീതല കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രവൃത്തി പരിചയമുള്ള രണ്ട് സാങ്കേതികവിദഗ്ധർ.

2. അന്തർ സംസ്ഥാന നദീജല കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രവൃത്തി പരിചയമുള്ള ഒരു നിയമ വിദഗ്ധൻ.

3. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അന്തർ സംസ്ഥാന നദീജലം - ജലസേചന വകുപ്പ്, മെമ്പർ & കൺവീനർ

4. എക്സിക്യൂട്ടീവ് എൻജിനീയർ, അന്തർ സംസ്ഥാന നദീജലം-കെ.എസ്.ഇ.ബി

5. എക്സിക്യൂട്ടീവ് എൻജിനീയർ ,വാട്ടർ മാനേജ്മെന്റ്- കെ.എസ്.ഇ.ബി.

6. വാട്ടർ ഡിമാന്റ് അനലിസ്റ്റ് ,കൃഷി വകുപ്പ്.

ചുമതലകൾ

1. അന്തർസംസ്ഥാന നദീജല വിഷയങ്ങളിൽ ആവശ്യമായ നിയമോപദേശം, സ്ട്രാറ്റജിക് കമ്മിറ്റിക്കും, മോണിറ്ററിംഗ് കമ്മിറ്റിക്കും നൽകുക;

2. കരാർ ലംഘനങ്ങൾ ഉണ്ടോ എന്ന് നിരീക്ഷിച്ച് ആയതിന്റെ വിശദാംശങ്ങൾ ഉന്നതതല കമ്മിറ്റികൾക്ക് നൽകുക;

3. അന്തർ സംസ്ഥാന നദികളിലെ പാരിസ്ഥിതിക ഒഴുക്ക് (Environmental Flow) നിർണ്ണയിച്ച് ആയതിൻമേലുള്ള വിവരങ്ങൾ മോണിറ്ററിംഗ് കമ്മിറ്റികൾക്ക് നൽകുക;

4. അന്തർ സംസ്ഥാന നദീജല കരാറുകൾ/പദ്ധതികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് അവലോകനത്തിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുക;

5. അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ ഉൾപ്പെടുന്ന പദ്ധതികളുടെ നിർമ്മാണങ്ങൾ സുഗമമായി നടക്കുന്നുവെന്ന് ഉറപ്പാക്കി ആയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉന്നതതല കമ്മിറ്റികൾക്ക് നൽകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രണബ്ജ്യോതി നാഥ് ഐ എ എസ്

സെക്രട്ടറി

1. ചീഫ് സെക്രട്ടറി
2. അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്
5. പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജവകുപ്പ്.
6. ചെയർമാൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
7. സെക്രട്ടറി, കൃഷി വകുപ്പ്
8. സെക്രട്ടറി, നിയമവകുപ്പ്
9. സെക്രട്ടറി, ജലവിഭവ വകുപ്പ്.
10. ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ
11. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി
12. ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും
13. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-I
14. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-II
15. പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നം.369 തീയതി 10/11/2021 )
16. ധനകാര്യ വകുപ്പ്
17. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
18. വിവരവും പൊതുജന സമ്പർക്കവും വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)
19. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Rashmi.t
Date: 12-11-2021 10:52:02
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. ഊർജ്ജ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
5. ഊർജ്ജ് വകുപ്പ്

6. റവന്യൂവകുപ്പ്
7. വനം വകുപ്പ്
8. കൃഷി വകുപ്പ്
9. നിയമവകുപ്പ്
10. ജലവിഭവ (ജി ആന്റ് പി) വകുപ്പ്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-11-2021

ഫയൽ നം. ഐ.എസ്.ഡബ്ല്യൂ.സി2/33/2019/ജ.വി.വ. ഇനം നം: 369

വിഷയം : ജലവിഭവ വകുപ്പ് - അന്തർ-സംസ്ഥാന ജല ഉപദേശക സമിതി (Inter State Water Advisory Committee)ക്ക് പകരം അന്തർ സംസ്ഥാന നദീജല തർക്കങ്ങളിന്മേൽ വേഗത്തിലും കൃത്യമായും തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് സർക്കാരിനാവശ്യമായ അഭിപ്രായങ്ങളും, ഉപദേശങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി ഒരു ത്രിതല സമിതി രൂപീകരിക്കുന്നത്.

തീരുമാനം : അന്തർ സംസ്ഥാന നദീജല-സ്ട്രാറ്റജിക് കൗൺസിലിൽ ഊർജ്ജ വകുപ്പ് മന്ത്രിയെക്കൂടി മെമ്പറായി ഉൾപ്പെടുത്തിക്കൊണ്ട് കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, WATER RESOURCES & CSIM DEPARTMENT
11 NOV 20..

5626057/2021/(ISWC) WRD

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രി സഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നം | : | ഐ.എസ്.ഡബ്ല്യൂ.സി2/33/2019/ജ.വി.വ |
| 2 | വകുപ്പ് | : | ജലവിഭവ(ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് |
| 3. | വിഷയം | : | അന്തർസംസ്ഥാന ജല ഉപദേശക സമിതി (Inter State Water Advisory Committee) ക്ക് പകരം അന്തർസംസ്ഥാന നദീജല തർക്കങ്ങളിന്മേൽ വേഗത്തിലും കൃത്യമായും തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് സർക്കാരിനാവശ്യമായ അഭിപ്രായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി, ഒരു ത്രിതല സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രി സഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/09/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ജയശ്രീ.എം |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ടി. കെ. ജോസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/10/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |

| | | | |
|---|---|---|---|
| 11 | മന്ത്രി സഭയ്ക്കുള്ള കരട് കറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/10/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| 13 | മന്ത്രി സഭയ്ക്കുള്ള കരട് കറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 08/11/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/11/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

5626057/2021/(ISWC) WRD

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നിലവിലുള്ള അന്തർസംസ്ഥാന ജല ഉപദേശക സമിതി (Inter State Water Advisory Committee) ക്ക് പകരം അന്തർസംസ്ഥാന നദീജല തർക്കങ്ങളിന്മേൽ വേഗത്തിലും കൃത്യമായും തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് സർക്കാരിനാവശ്യമായ അഭിപ്രായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി, ഒരു ത്രിതല സമിതി രൂപീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) അയൽസംസ്ഥാനങ്ങളുമായുള്ള എല്ലാ അന്തർസംസ്ഥാന നദീജല തർക്കങ്ങളും പരിഹരിക്കുന്നതിനായി 09/06/2017 തീയതിയിലെ സ.ഉ(സാധാ)നം.501/2017/ജ.വി.വ പ്രകാരം സർക്കാർ ഒരു അന്തർ സംസ്ഥാന നദീജല ഉപദേശക സമിതി രൂപീകരിച്ചിരുന്നു. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ അന്തർ സംസ്ഥാന ജലവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, അപര്യാപ്തവും, അപൂർണ്ണവുമായ വിവരങ്ങളെ ആശ്രയിച്ചു കൊണ്ടും, അന്തർസംസ്ഥാന നദീ ജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ/പ്രശ്നങ്ങൾ വേർതിരിച്ചറിയാൻ കഴിയാത്തതും, നിലവിലുള്ള കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

3) അന്തർ സംസ്ഥാന ജലവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് കാലഘട്ടത്തിന്റെ ആവശ്യമായതിനാലും, ആയത് കേന്ദ്ര സർക്കാർ/സുപ്രീം കോടതിയുടെ ശ്രദ്ധ സദാ ആകർഷിക്കുന്നതിനാലും, ടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കഴിവുള്ളതും വൈവിധ്യവുമാർന്നതുമായ ഒരു ത്രിതല സമിതി രൂപീകരിക്കുന്നതിനുള്ള ആശയം ഉടലെടുക്കുകയുണ്ടായി.

4) മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരമുള്ള അംഗങ്ങളോടു കൂടിയും, നിർവ്വചിക്കപ്പെട്ട പ്രവർത്തനങ്ങളോടും കൂടിയുള്ള ഒരു ത്രിതല സമിതി രൂപീകരിക്കുന്നതിനുള്ള ശിപാർശ രൂപകൽപന ചെയ്യുകയുണ്ടായി.

## I) അന്തർ സംസ്ഥാന നദീജല-സ്റ്റാറ്റജിക് കൗൺസിൽ

### (i)അംഗങ്ങൾ

| | | | |
|---|---|---|---|
| 1) | മുഖ്യമന്ത്രി | - | ചെയർമാൻ |
| 2) | ജലവിഭവ വകുപ്പ് മന്ത്രി | - | വൈസ് ചെയർമാൻ |
| 3) | വനം വകുപ്പ് മന്ത്രി | - | മെമ്പർ |
| 4) | നിർദ്ദിഷ്ടപദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട 4 എം.എൽ.എമാരും 2 എം.പി മാരും | - | മെമ്പർമാർ |
| 5) | ചീഫ് സെക്രട്ടറി | - | മെമ്പർ |
| 6) | ജലവിഭവ വകുപ്പ് സെക്രട്ടറി | - | മെമ്പർ & കൺവീനർ |

### (ii)ചുമതലകൾ

1. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ കേരളത്തിന്റെ പൊതു താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുക;
2. അന്തർസംസ്ഥാന നദീജല വിഷയങ്ങളിൽ സുപ്രീംകോടതിയിൽ അല്ലെങ്കിൽ അന്തർ സംസ്ഥാന നദീജല ട്രിബ്യൂണലിൽ വരുന്ന എല്ലാ കേസുകളും ഫലപ്രദമായ രീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;
3. പുതിയ കരാറുകൾ ഉണ്ടാക്കേണ്ടതുണ്ടെങ്കിൽ ആയതു സംബന്ധിച്ച പഠനങ്ങൾ ഏകോപിപ്പിച്ച് തീരുമാനങ്ങൾ എടുക്കുക;
4. ഓരോ നദീജല കരാറിന്റെയും പെർഫോർമൻസ് ഓഡിറ്റ് നടത്തുകയും അവ വിലയിരുത്തുകയും ചെയ്യുക;
5. നദീജല ബോർഡ് യോഗങ്ങളുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ മേൽനോട്ടം വഹിക്കുക;
6. അന്തർ സംസ്ഥാന നദികളുടെ co-basin states ഉന്നയിക്കുന്ന വിഷയങ്ങളിന്മേൽ തീരുമാനങ്ങൾ എടുക്കുക;

7. അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ ഉൾപ്പെടുന്ന പുതിയ പദ്ധതികളുടെ നിർമ്മാണവും പ്രവർത്തനവും സൂക്ഷ്മമായി നിരീക്ഷിച്ച് നിർദ്ദേശങ്ങൾ നൽകുക.

## II അന്തർ സംസ്ഥാന നദീജല-മോണിറ്ററിംഗ് കമ്മിറ്റി

### (i) അംഗങ്ങൾ

| | | | |
|---|---|---|---|
| 1) | ചീഫ് സെക്രട്ടറി | - | ചെയർമാൻ |
| 2) | സെക്രട്ടറി,ജലവിഭവ വകുപ്പ് | - | മെമ്പർ & കൺവീനർ |
| 3) | സെക്രട്ടറി,ഊർജ്ജവകുപ്പ് | - | മെമ്പർ |
| 4) | സെക്രട്ടറി, റവന്യൂ വകുപ്പ് | - | മെമ്പർ |
| 6) | സെക്രട്ടറി, വനം വകുപ്പ് | - | മെമ്പർ |
| 7) | ചെയർമാൻ,കെ.എസ്.ഇ.ബി | - | മെമ്പർ |
| 8) | സെക്രട്ടറി,കൃഷി വകുപ്പ് | - | മെമ്പർ |
| 9) | സെക്രട്ടറി,നിയമവകുപ്പ് | - | മെമ്പർ |
| 10) | ചീഫ് എഞ്ചിനീയർ, അന്തർ സംസ്ഥാന നദീ ജലം | - | മെമ്പർ |

### (ii) ചുമതലകൾ

1. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ നയപരമായ തീരുമാനങ്ങൾ രൂപീകരിക്കുന്നതിനായി സംസ്ഥാനതല കമ്മിറ്റിയെ സഹായിക്കുക;
2. നദീജലകരാർ ലംഘനങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയവ സംസ്ഥാന തലകമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരിക;
3. നിലവിലെ കരാർ വ്യവസ്ഥകൾ പുതുക്കുന്നതിനോ പുതിയ വ്യവസ്ഥകൾ കൂട്ടിചേർക്കുന്നതിനോ ആവശ്യമായ വിവരങ്ങളും ഉപദേശങ്ങളും സംസ്ഥാനതല സമിതിയ്ക്ക് നൽകുക;
4. അന്തർ സംസ്ഥാന നദീജല ബോർഡുകളിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക;

5. അന്തർ സംസ്ഥാന നദീജല ബോർഡ് യോഗങ്ങളുടെ അജണ്ട പരിശോധിച്ച് അവയ്ക്ക് അന്തിമ രൂപം നൽകുക;
6. നദീജല ബോർഡ് യോഗങ്ങളുടെ തീരുമാനങ്ങൾ അവലോകനം ചെയ്ത്, അവ സംസ്ഥാനതല കമ്മിറ്റിയുടെ ശ്രദ്ധയിൽകൊണ്ടുവരിക;
7. അന്തർ സംസ്ഥാന നദികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത്, ആയതിൽ ഇടപെടലുകൾ ആവശ്യമാണെങ്കിൽ സംസ്ഥാനതല കമ്മിറ്റിയെ അറിയിക്കുക;
8. അന്തർ സംസ്ഥാന നദികളിലെ പാരിസ്ഥിതിക ഒഴുക്ക് (Environmental Flow) നിർണ്ണയിക്കുകയും ആയത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക;
9. അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ ഉൾപ്പെടുന്ന പുതിയ പദ്ധതികളുടെ നിർമ്മാണവും നടത്തിപ്പും സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ സംസ്ഥാനകമ്മിറ്റിയുടെ ശ്രദ്ധയിൽകൊണ്ടുവരുക;
10. എല്ലാ നദീജലകരാറുകളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക;
11. കരാർ ലംഘനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ആയതിന്മേൽ അടിയന്തിരമായി നിയമ - സാങ്കേതിക പരിഹാരങ്ങൾ കണ്ടെത്തുക;
12. നദീജലകരാറുകൾ സമയബന്ധിതമായി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;
13. അന്തർ സംസ്ഥാന നദികളിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കുക;
14. അന്തർ സംസ്ഥാന നദീജലം സംബന്ധിച്ചുള്ള സാങ്കേതികമോ നയപരമോ ആയ വിഷയങ്ങളിൽ ആവശ്യമായ കൂടിയാലോചന നടത്തി സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള എല്ലാവിധ നടപടികളും ഉറപ്പാക്കുക.

## III അന്തർ സംസ്ഥാന നദീജല-നിയമ സാങ്കേതിക സെൽ

### (i) അംഗങ്ങൾ

1. അന്തർ സംസ്ഥാന നദീതല കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രവൃത്തി പരിചയമുള്ള രണ്ട് സാങ്കേതികവിദഗ്ധർ.
2. അന്തർ സംസ്ഥാന നദീജല കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രവൃത്തി പരിചയമുള്ള ഒരു നിയമ വിദഗ്ധൻ.
3. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അന്തർ സംസ്ഥാന നദീജലം - ജലസേചന വകുപ്പ്; മെമ്പർ & കൺവീനർ
4. എക്സിക്യൂട്ടീവ് എൻജിനീയർ, അന്തർ സംസ്ഥാന നദീജലം- കെ.എസ്.ഇ.ബി
5. എക്സിക്യൂട്ടീവ് എൻജിനീയർ ,വാട്ടർ മാനേജ്മെന്റ്- കെ.എസ്.ഇ.ബി
6. വാട്ടർ ഡിമാന്റ് അനലിസ്റ്റ് ,കൃഷി വകുപ്പ്

### ചുമതലകൾ

1. അന്തർസംസ്ഥാന നദീജല വിഷയങ്ങളിൽ ആവശ്യമായ നിയമോപദേശം, സ്ട്രാറ്റജിക് കമ്മിറ്റിക്കും, മോണിറ്ററിംഗ് കമ്മിറ്റിക്കും നൽകുക;
2. കരാർ ലംഘനങ്ങൾ ഉണ്ടോ എന്ന് നിരീക്ഷിച്ച് ആയതിന്റെ വിശദാംശങ്ങൾ ഉന്നതതല കമ്മിറ്റികൾക്ക് നൽകുക;
3. അന്തർ സംസ്ഥാന നദികളിലെ പാരിസ്ഥിതിക ഒഴുക്ക് (Environmental Flow) നിർണ്ണയിച്ച് ആയതിൻമേലുള്ള വിവരങ്ങൾ മോണിറ്ററിംഗ് കമ്മിറ്റികൾക്ക് നൽകുക;
4. അന്തർ സംസ്ഥാന നദീജല കരാറുകൾ /പദ്ധതികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് അവലോകനത്തിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുക;

5. അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ ഉൾപ്പെടുന്ന പദ്ധതികളുടെ നിർമ്മാണങ്ങൾ സുഗമമായി നടക്കുന്നുവെന്ന് ഉറപ്പാക്കി ആയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉന്നതതല കമ്മിറ്റികൾക്ക് നൽകുക.

5) ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ഉത്തരവിട്ടു.

**തീരുമാനിക്കേണ്ട വിഷയം**

അന്തർസംസ്ഥാന നദീജല തർക്കങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വേഗത്തിലും കൃത്യമായും തീരുമാനം എടുക്കുന്നതിന് സർക്കാരിനാവശ്യമായ അഭിപ്രായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിനായി 09.06.2017 ലെ സ.ഉ (സാധാ)നം. 501/2017/ജ.വി.വ പ്രകാരം രൂപീകരിച്ച സമിതിയുടെ സ്ഥാനത്ത്, മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തിയും, ചുമതലകൾ നിശ്ചയിച്ചും, അന്തർസംസ്ഥാന നദീജല സമിതി- സ്ട്രാറ്റജിക് കൗൺസിൽ, അന്തർ സംസ്ഥാന നദീജല -മോണിറ്ററിംഗ് കമ്മിറ്റി, അന്തർ സംസ്ഥാന നദീജല - നിയമ സാങ്കേതിക സെൽ എന്നീ ത്രിതല കർമ്മ സമിതിയ്ക്ക് രൂപം നൽകാമോ?

**GOVERNMENT OF KERALA**

**(SHRI.PINARAYI VIJAYAN MINISTRY)**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | ISWC2/33/2019-WRD |
| 2. | Department | : | Water Resources (ISWC) Department |
| 3. | Subject | : | Constitution of a 3 tier Committee in the place of the existing Inter State Water Advisory Committee to make speedy & accurate decisions and to provide Government with necessary suggestions and opinions in respect of Inter State Water disputes. |
| 4. | Date of Chief Minister's Order for placing before the Council; | : | 21/09/2021 |
| 5. (i) | Does the case involve financial Commitments/ implications; | : | Yes |
| 5. (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | : | No |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note; | : | Jayasree. M |
| 8. | Name of Additional Chief Secretary who approved the Draft Note; | : | T. K. Jose |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary; | : | 21/10/2021 |
| 10. | Name of Chief Secretary who approved the Draft Note; | : | Dr. V.P. Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary; | : | 27/10/2021 |
| 12. | Name of Minister who approved the Draft Note; | : | Sri. Pinarayi Vijayan (Hon'ble Chief Minister ) |
| 13. | Date of approval of the Draft Note for the Council by the Minister; | : | 08/11/2021 |

| | | | |
|---|---|---|---|
| 14. | Date of submission of fair copies; | : | 09/11/2021 |
| 15. | Date of decision by the Council of Ministers; | : | |
| 16. | Number and date of Government Order/ letter communicating the decision; | : | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the constitution of a 3 tier Committee in the place of the existing Inter State Water Advisory Committee to make speedy & accurate decisions and to provide Government with necessary suggestions and opinions in respect of Inter State Water disputes.

2. As per G.O (Rt)No.501/2017/WRD dated 09.06.2017 Government had constituted an ISW Advisory Committee to resolve all the inter-state water disputes with the neighboring states. Conflicts relating to inter-state waters have increased during the past 4 years and the reliance on poor or incomplete information, and the failure to distinguish the operational issues have adversely affected the smooth functioning of the Committee.

3. This has led to the idea of forming talented and diverse Committees to deal with specific issues relating to inter-state waters which is the need of the hour and which continue to engage the attention of Central Government/Supreme Court.

4. Based on the above, a proposal for the formation of a 3 tier Committee was conceived of with the following members & defined functions:-

# I. INTER STATE WATER- STRATEGIC COUNCIL

## (i)Members with Designation

| | | |
|---|---|---|
| 1) | Chief Minister | - Chairman |
| 2) | Minister.(WRD) | - Vice Chairman |
| 3) | Minister (Forest & Wildlife) | - Member |
| 4) | 4 MLAs & 2 MPs who are associated with the project area in question | - Members |
| 5) | Chief Secretary | - Member |
| 6) | Secretary,( WRD) | - Member & Convenor |

## (ii)Duties/Responsibilities

1. Take policy decisions to safeguard the general interests of Kerala in inter-state water issues.

2. Take effective action to go forward in all cases coming either before the Supreme Court or before the Inter State Tribunal on Inter-state water issues.

3. To conduct related studies and make decisions on New Agreements if needed.

4. To conduct Performance Audit on each Inter-State Water Agreement and to evaluate the same.

5. To monitor the implementation of the Inter-State Water Board meeting decisions.

6. To take decisions on issues raised by Co-Basin States on Inter-State Water issues.
7. To carefully monitor and submit the proposal on the construction and operations of new projects involving Inter-State Water disputes.

## II. ISW MONITORING COMMITTEE

### (i)Members with Designation

| | | |
|---|---|---|
| 1) | Chief Secretary | - Chairman |
| 2) | Secretary, WRD | - Member and Convenor |
| 3) | Secretary, Power | - Member |
| 4) | Secretary, Revenue | - Member |
| 5) | Secretary, Forest | - Member |
| 6) | Chairman, KSEBL | - Member |
| 7) | Secretary, Agriculture | - Member |
| 8) | Secretary, Law | - Member |
| 9) | Chief Engineer, ISW | - Member |

### (ii)Duties / Responsibilities

1. Assist the State Level Committee to formulate policy decisions on Inter-State Water issues.
2. To bring to the notice of the State Level Committee any violations on Inter-State Water Agreement.

3. Provide information and advice to the State Level Committee on the Renewal of Existing Contract Terms or Addition of New Terms on Inter-State Water Agreements.
4. Provide guidance to the officers on the issues to be presented in the Inter State Water Boards.
5. Examine and finalize the agenda for Inter-State Water board meetings.
6. Review the decisions of the Inter-State Water Board meetings and bring them to the notice of the State Level Committee.
7. Review the construction activities on Inter-State rivers and inform the State Level Committee if any intervention is required in them.
8. To ascertain and ensure E-flows in all inter state rivers.
9. Bring to the notice of the State Committee all the details pertaining to the construction and implementation of new projects involving inter-state water disputes.
10. Ensure that the terms with respect to all Inter State Water Agreements are strictly adhered to.
11. In case of breach of contract, find immediate legal and technical remedies.
12. Take steps to renew Inter State Water Agreements in a timely manner.
13. To evaluate all construction activities in Inter-state rivers and ensure necessary interventions.
14. Ensure all necessary steps to safeguard the interests of the State in Inter-State Water issues by conducting necessary consultations on technical or policy matters.

## III. INTER STATE RIVER WATERS TECHNO-LEGAL ADVISORY CELL

### (i)Members with Designation

1) 2 Technical Experts dealing with Inter State Water Issues.
2) 1 Legal Expert dealing with Inter State Water Issues.
3) Deputy Chief Engineer, ISW, Irrigation Department; Member and Convenor.
4) Executive Engineer, ISW, KSEBL.
5) Executive Engineer, Water Management, KSEBL.
6) Water Demand Analyst, Agriculture Department.

### (ii)Duties / Responsibilities

1. Provide necessary legal advice on Inter-State Water issues to the Strategic Committee and the Monitoring Committee.
2. Monitor the breach of contract and provide details to the High Level Committees.
3. Determine the ecological flow of inter-state rivers and provide information on them to the Monitoring Committees.
4. To review the information collected on the agreement/ projects relating to inter-state water disputes and submit them to the Monitoring Committee .
5. To ensure that the new constructions in projects involving inter-state river water disputes are running smoothly & to provide details in this regard to the High Level Committees.

6. When the file was circulated to the Hon'ble Chief Minister it was ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether a 3 tier committee ie, Inter State Water Strategic Council, Inter State Water Monitoring Committee & Inter State Water Techno – Legal Advisory Cell, may be constituted with the above mentioned members with the assigned responsibilities and defined functions, in the place of ISW Advisory Committee constituted as per G.O (Rt)No.501/2017/WRD dated 09.06.2017, in order to make speedy & accurate decisions and to provide Government with necessary suggestions and opinions in respect of Inter State Water disputes.